**ക്രമപ്രശ്നം**

ചട്ടലംഘനം നടത്തിയ പ്രതിപക്ഷ എം.എൽ.എ.- മാർക്കെതിരെ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാമത് സമ്മേളനത്തിന്റെ ആദ്യ ദിവസം വളരെ അസാധാരണമായ നടപടികൾക്കാണ് സഭ സാക്ഷ്യം വഹിച്ചത്. സഭയുടെ നിയമങ്ങളും ചട്ടങ്ങളും മാത്രമല്ല കാലാകാലങ്ങളിലുള്ള സ്പീക്കറിന്റെ റൂളിംഗും പാലിക്കാൻ ബാധ്യതപ്പെട്ട പ്രതിപക്ഷ സാമാജികർ തികച്ചും നിരുത്തരവാദപരമായ സമീപനമാണ് സഭയിൽ സ്വീകരിച്ചത്.

വ്യക്തിഹത്യയടക്കമുള്ള അനാവശ്യമായ മുദ്രാവാക്യങ്ങളാണ് സഭയിൽ കേട്ടത്. നിയമസഭയ്ക്കുള്ളിൽ മൊബൈൽ ഫോണുകൾ ഉപയോഗിച്ച് നിയമസഭാ നടപടികൾ അതിന്റെ ക്രമങ്ങൾ പകർത്തുന്നത് കേരള നിയമസഭാംഗങ്ങൾക്കുള്ള പെരുമാറ്റചട്ടം 4(15)(2)-ന്റെ ലംഘനമാണ്. എന്നാൽ അംഗങ്ങൾ പാലിക്കേണ്ട പെരുമാറ്റചട്ടങ്ങൾ പൂർണ്ണമായും അവഗണിച്ചുകൊണ്ട് സഭാനടപടികൾ ചിത്രീകരിക്കുകയും ചില

ദൃശ്യമാധ്യമങ്ങൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. അത് ഏകപക്ഷീയമായി ആ ദൃശ്യങ്ങൾ വന്നതുകൊണ്ടാണ് ഈ ക്രമപ്രശ്നം ഞാൻ ഇവിടെ ഉന്നയിക്കുന്നത്. ഇത്തരം നടപടികൾ സഭയുടെ അന്തഃസ്സ് കളങ്കപ്പെടുത്തുന്നതാണ്. ആയതിനാൽ ഗുരുതരമായ ചട്ടലംഘനം നടത്തിയ പ്രതിപക്ഷ എം.എൽ.എ.-മാർക്കെതിരെ നിയമസഭാ ചട്ടപ്രകാരം ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന ക്രമപ്രശ്നം ഞാൻ ഉന്നയിക്കുന്നു.

<u>മി. സ്പീക്കർ</u>: അങ്ങ് കത്ത് നൽകിയിരുന്നു. ബഹുമാനപ്പെട്ട മന്ത്രി ക്രമപ്രശ്നമുന്നയിക്കാനുള്ള അനുമതി തേടിയിരുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ഞാൻ അങ്ങേയ്ക്ക് റൂളിംഗ് ആവശ്യപ്പെട്ടുകൊണ്ട് ഒരു ക്രമപ്രശ്നം ഉന്നയിച്ചിട്ടുണ്ട്. ഇന്നലെ നടന്ന സഭാ നടപടികളിലെ റൂൾ 50 പ്രകാരമുള്ള ചില ചട്ടവിരുദ്ധനടപടികൾ, സഭ ആരംഭിക്കുന്നതിനുമുമ്പ് അങ്ങേയ്ക്ക് നോട്ടീസ് നൽകുന്നതിനുമുമ്പുതന്നെ മാധ്യമങ്ങളിലൂടെ സഭയിൽ ഉന്നയിക്കാൻ പോകുന്ന റൂൾ 50 നോട്ടീസ് ഏതെന്നും അത് അവതരിപ്പിക്കരുതെന്നും വ്യാപകമായി പ്രചരിപ്പിക്കുകയുണ്ടായത് ചട്ടവിരുദ്ധമാണ്. രണ്ടാമത്തെ പ്രശ്നം വളരെ അടിയന്തര പ്രാധാന്യമുള്ള പൊതുപ്രശ്നങ്ങളാണ് റൂൾ 50 പ്രകാരം

ഉന്നയിക്കേണ്ടത്. അങ്ങ് പരാമർശിച്ചതിനുശേഷം സഭയിൽ ഉണ്ടായിരിക്കെ നോട്ടീസ് നൽകിയ ആൾ അത് ഉന്നയിക്കാതിരിക്കുന്നത് അത്യപൂർവ്വമാണെന്ന് മാത്രമല്ല; ഒരുപക്ഷേ ആദ്യമായിട്ടായിരിക്കും. ഇത് സഭാനടപടികളുടെ ഒരു അവഹേളനമാണ്. ഈ രണ്ട് വിഷയങ്ങളിൽ, നേരത്തെ പ്രചരിപ്പിച്ച കാര്യത്തിലും അതോടൊപ്പംതന്നെ സഭാനടപടികൾ നടക്കുമ്പോൾ അങ്ങ് പരാമർശിച്ചത് അനുമതി തേടി സംസാരിക്കാനാണ്. റൂൾ 54 പറയുന്നത് ബഹുമാനപ്പെട്ട അംഗം എഴുന്നേറ്റുനിന്ന് അനുമതി തേടേണ്ടതാണ്. ഇതിൽ ചട്ടലംഘനം നടന്നിട്ടുണ്ട്. അങ്ങയുടെ റൂളിംഗ് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: രണ്ട് പ്രധാനപ്പെട്ട ക്രമപ്രശ്നങ്ങളാണ് ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ളത്. അതിലൊരു ക്രമപ്രശ്നം ബഹുമാനപ്പെട്ട മന്ത്രി ശ്രീ. സജി ചെറിയാൻ ഉന്നയിച്ചിട്ടുള്ളതാണ്. അതുമായി ബന്ധപ്പെട്ട് വേറെയും നിരവധി പരാതികൾ പല അംഗങ്ങളിൽ നിന്നും ചെയറിന് ലഭിച്ചിട്ടുണ്ട്. വീഡിയോ ഉൾപ്പെടെയുള്ള പരാതികളും ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ച് ഇന്ന് തന്നെ വിശദമായ റൂളിംഗ് ചെയറിൽ നിന്നുണ്ടാകുമെന്ന് അറിയിക്കുകയാണ്.

രണ്ടാമത് ശ്രീ. മാത്യു ടി. തോമസ് ഉന്നയിച്ചിട്ടുള്ള ക്രമപ്രശ്നമാണ്. അതും ഗൗരവമുള്ള ഒരു പ്രശ്നമാണ്. അത് പരിശോധിച്ച് നാളെ വിശദമായിട്ടുള്ള റൂളിംഗ് നൽകുന്നതാണ്.